(സി) എൽ.എൻ.ജി.യുടെ വില അന്താരാഷ്ട്ര മാർക്കറ്റിലെ എണ്ണവിലയെ ആശ്രയിച്ചാണ് നിശ്ചയിക്കുന്നത്. ഏകദേശം കണക്ക് താഴെകൊടുക്കുന്നു :

36 MW

Gas Price (USD)	Variable Cost PLF(₹./kwh)	Tariff @ 80% (Nom.)₹/kwh)
16	7.59	9.60
18	8.53	10.60
20	9.47	11.60

400 MW

Gas Price (USD)	Variable Cost (Nom.) (₹./kwh)	Tariff @ 80% PLF(₹./kwh)
16	6.82	8.55
18	7.67	9.40
20	8.52	10.25

ചെറുകിട ജലവൈദ്യുതപദ്ധതികൾ

20 (6471) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പാക്കുന്നതു സംബന്ധിച്ച നയരേഖ പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ചെറുകിട ജല വൈദ്യുത പദ്ധതികൾ തയ്യാറാക്കുന്നതിനായി ഏത് ഏജൻസിയെയാണ് പുതുതായി തെരഞ്ഞെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) നാളിതുവരെ ഏതെല്ലാം ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പാക്കുന്നത് സംബന്ധിച്ച നയരേഖ-കേരള സ്മാൾ ഹൈഡ്രോ പവർ പോളിസി 2012-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. 25 എം.ഡബ്ല്യു.വിൽ താഴെയുള്ള ചെറുകിട പദ്ധതികളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നത് ലക്ഷ്യമിട്ടാണ് ഈ പോളിസി പുറപ്പെടുവിച്ചിട്ടുള്ളത്. ഈ നയരേഖപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ, എൻ.ജി.ഒ.കൾ, വ്യക്തികൾ, സഹകരണമേഖലയിലെ സംരംഭകർ എന്നീ വിഭാഗങ്ങളിലുള്ളവർക്ക് ചെറുകിട ജലവൈദ്യുതപദ്ധതികളുടെ നിർമ്മാണത്തിൽ പങ്കുചേരാം. പദ്ധതികൾ നൽകുന്നത് മത്സരാർഹമായിട്ടാണ്. ഇതിനായി നിശ്ചയിച്ചിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തറവില 1 എം.ഡബ്ല്യു.വിന് 15 ലക്ഷംരൂപയുമാണ്. സ്വതന്ത്രവിഭാഗത്തിലും കൃാപ്റ്റീവ് വിഭാഗത്തിലും പദ്ധതികൾ തുടങ്ങാം. ഈ പദ്ധതികൾ BOOT (Built, Own, Operate & Transfer) അടിസ്ഥാനത്തിൽ 30 കൊല്ലത്തേക്കാണ് അനുവദിക്കുന്നത്. അതിനുശേഷം ഈ പദ്ധതികൾ സർക്കാരിലേക്ക് സൗജന്യമായി തിരിച്ചുനൽകണം. സ്വതന്ത്രപദ്ധതികളിൽനിന്ന് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി വാങ്ങാനുള്ള ആദ്യത്തെ അവകാശം കെ.എസ്.ഇ.ബി.ക്കാണ്. ഈ വൈദ്യുതിയുടെ വില നിശ്ചയിക്കുന്നത് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനാണ്. കൃാപ്റ്റീവ് പദ്ധതിയിൽനിന്നുള്ള വൈദ്യുതി ഇത് നടത്തുന്ന സംരംഭകരുടെ കേരളത്തിലെ വ്യവസായങ്ങളിൽ ഉപയോഗിക്കാവുന്നതാണ്. ഇതിനായി ഒരു നിശ്ചിതതുക കെ.എസ്.ഇ.ബി.യുടെ വിതരണശൃംഖല ഉപയോഗിക്കുന്നതിനായി നൽകേണ്ടതുമാണ്. ഇതോടൊപ്പംതന്നെ 100 കെ.ഡബ്ല്യു. വരെ സ്ഥാപിതശേഷിയുള്ള ചെറിയ ചെറുകിട ജലവൈദ്യുതപദ്ധതികൾ തുടങ്ങുന്നതിനും ഉൽപ്പാദിപ്പിച്ച വൈദ്യുതി വിതരണം ചെയ്യുന്നതിനും പഞ്ചായത്ത് രാജ് ആക്ട്പ്രകാരം ജില്ലാ പഞ്ചായത്തുകൾക്ക് അവകാശമുണ്ട്.

(ബി) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സ്ഥാപിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികളുടെ രൂപകൽപ്പനമുതൽ കമ്മീഷനിംഗും ഓപ്പറേഷനും കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നേരിട്ടാണ് ചെയ്യുന്നത്. എന്നാൽ സ്വകാര്യ മേഖലയിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നത് എനർജി മാനേജ്മെന്റ് സെന്ററാണ്.

(സി) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിൽ നിർമ്മാണം പുരോഗമിക്കുന്ന 10 ചെറുകിട ജലവൈദ്യുത പദ്ധതികൾ സമയ ബന്ധിതമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതികൾവഴി 95.1 എം.ഡബ്ല്യു. വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കുവാൻ സാധിക്കും. ഇതിനുപുറമേ ഈ സർക്കാരിന്റെ മിഷൻ 676-ന്റെ ഭാഗമായി താഴെ ചേർത്തിട്ടുള്ള 7 ചെറുകിട ജലവൈദ്യുത പദ്ധതികൾ ടെണ്ടർ ചെയ്യുവാൻ വിഭാവനചെയ്തിട്ടുണ്ട്.

1.	ഒലിക്കൽ	5 MW
2.	പൂവാരംതോട്	3 "
3.	അപ്പർ കല്ലാർ	2 "
4.	പീച്ചാട്	3 "
5.	വാഗ്ഡം	6 "
6.	ചെരുവണ്ണാമൂഴി	3 "
7.	ചെമ്പുക്കടവ് - III	6 "

സ്വകാര്യ സംരംഭകർ മുഖേന 110.5 എം.ഡബ്ല്യു. സ്ഥാപിതശേഷിവരുന്ന 25 ചെറുകിട ജലവൈദ്യുത പദ്ധതികൾ മത്സരദർഘാസിന്റെ അടിസ്ഥാനത്തിൽ നൽകുവാനുള്ള നടപടികൾ പൂർത്തിയായിവരുന്നു.